(സി) കാർഷിക മേഖലയിൽ പുതുതായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(i) ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ.

(ii) 5 കോർപ്പറേഷനുകളിലായി നഗരത്തിൽ ഒരു നാട്ടിൻപുറം പദ്ധതി.

(iii) നാണ്യവിളകൾക്കായി നാഷണൽ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി.

(iv) കേര കൃഷിയുടെ അഭിവൃദ്ധിക്കായി ബൃഹത്തായ കേന്ദ്ര പദ്ധതി.

(v) നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി 10,000 ഹെക്ടർ തരിശുഭൂമിയിൽ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കായിനെൽക്കൃഷി പദ്ധതി.

കർഷകർക്ക് നഷ്ടപരിഹാരം

106 [407] *ശ്രീ. വി. ചെന്താമരാക്ഷൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളും പാടശേഖര സമിതികളും സംഭരിച്ച നെല്ല് ഏറ്റെടുക്കാത്തതിനെ തുടർന്ന് പ്രതിപക്ഷകക്ഷി നേതാക്കൾ നടത്തിയ സമരം ഒത്തുതീർപ്പാക്കുന്നതിന് സർക്കാരും പ്രതിപക്ഷകക്ഷി നേതാക്കൻമാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഒത്തുതീർപ്പ് വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഏതെല്ലാം വ്യവസ്ഥകളാണ് ഇനിയും നടപ്പാക്കാനുള്ളതെന്ന് പറയാമോ;

(ഡി) മുഞ്ഞബാധിച്ച് കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം പാലിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ)—(സി) നെല്ലെടുക്കാത്തതിൽ സമരം ചെയ്തിരുന്നു. ഒത്തുതീർപ്പു വ്യവസ്ഥകളെ സംബന്ധിച്ച് കൃഷിവകുപ്പിന് വിവരം ലഭ്യമല്ല.

(ഡി) ഉണ്ട്. 2004-2005 വർഷത്തിൽ 2587.93 ഹെക്ടറിലെ നെൽക്കൃഷി മുഞ്ഞബാധമൂലം നശിച്ചതിന് ഒരു ഹെക്ടറിന് 1500 രൂപ നിരക്കിൽ 38.81895 ലക്ഷം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തു. കൂടാതെ ആലപ്പുഴ ജില്ലയിൽ 6543.21 ഹെക്ടറിൽ മുഞ്ഞയ്ക്ക് എതിരെ മരുന്നു തളിക്കുന്നതിനായി 4 ലക്ഷം രൂപ ധനസഹായം ചെയ്തു. 1758 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly